കേരള സർക്കാർ

സംഗ്രഹം

ശമ്പള പരിഷ്കരണം 2009, 2014 - അച്ചടി വകുപ്പ് - എസ്.എൽ.ആർ (അൺസ്കിൽഡ്) എന്ന തസ്തിക എസ്.എൽ.ആർ (സ്കിൽഡ് വർക്കേഴ്സ്) എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പേ റിവിഷൻ സെൽ-ഡി) വകുപ്പ്

സ.ഉ(എം .എസ്) നം.84/2019/(110)/ധന          തീയതി, തിരുവനന്തപുരം,12/02/2019

---

പരാമർശം : 1. സ.ഉ(പി) നം.85/2011/ധന തീയതി 26.02.2011 read with
സ.ഉ(പി) നം.143/2011/ധന തീയതി 30.03.2011.
2. സ.ഉ(പി) നം.7/2016/ധന തീയതി 20.01.2016
3. സ.ഉ(പി) നം.41/2006/ഉ.വി.വ തീയതി 01.03.2006
4. പ്രിന്റിംഗ് ഡയറക്ടറുടെ 04.09.2018 ലെ 16620/18/ഇ 1/ഡി.പി നമ്പർ കത്ത്

### ഉത്തരവ്

പരാമർശം 1-ഉം 2-ഉം ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2009 ഉം 01.07.2014 ഉം പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിൽ എസ്.എൽ.ആർ (അൺസ്കിൽഡ്) തസ്തിക യഥാക്രമം 8500-13210, 16500-35700 എന്നീ ശമ്പള സ്കെയിലുകളിൽ അച്ചടി വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അച്ചടി വകുപ്പിന്റെ കീഴിലുള്ള വിവിധ സർക്കാർ പ്രസ്സുകളിൽ ജോലി ചെയ്യുന്ന ദിവസ വേതനക്കാരായ ജീവനക്കാരെ പരാമർശം 3 പ്രകാരം സ്കിൽഡ് തൊഴിലാളികളായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2009 ഉം 2014 ഉം ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ടി തസ്തിക എസ്.എൽ.ആർ (സ്കിൽഡ് വർക്കേഴ്സ്) എന്നതിനു പകരം എസ്.എൽ.ആർ (അൺസ്കിൽഡ്) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി തസ്തിക

എസ്.എൽ.ആർ (സ്കിൽഡ് വർക്കേഴ്സ്) എന്ന് പുന:നാമകരണം ചെയ്യുവാൻ പരാമർശം 4 പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം 1-ഉം 2-ഉം സർക്കാർ ഉത്തരവുകളിൽ അച്ചടി വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന എസ്.എൽ.ആർ (അൺസ്കിൽഡ്) എന്ന തസ്തിക എസ്.എൽ.ആർ (സ്കിൽഡ് വർക്കേഴ്സ്) എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജി. അശോക് കുമാർ**

അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ),കേരള, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ , സ്പെഷ്യൽ സെക്രട്ടറിമാർ
അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ.
അണ്ടർ സെക്രട്ടറിമാർ.
പ്രിന്റിംഗ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-235587)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**